**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ പക്ഷപാതപരമായ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം ടെൻഡറിൽ പങ്കെടുക്കുന്നതിന് സപ്ലൈകോ അടക്കമുള്ള സംസ്ഥാന സർക്കാർ ഏജൻസികളെ കേന്ദ്ര സർക്കാർ വിലക്കിയിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ; | (എ) | Open Market Sales Scheme (OMSS) പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യം എഫ്.സി.ഐയിൽ നിന്നും e-Tender മുഖേന സംസ്ഥാനത്തിന് വാങ്ങുവാൻ മുൻപ് സാധിക്കുമായിരുന്നു. സംസ്ഥാനം പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്ന് പോയപ്പോൾ OMSS പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്താണ് അതിജീവന പ്രവർത്തനങ്ങൾ നടത്തിയി രുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിന് എഫ്.സി.ഐയുടെ<br>e-Tender പ്രക്രിയയിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പക്ഷപാതപരമായ ഇത്തരം നടപടികൾ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന്റെ താളം തെറ്റാൻ ഇടയാക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാന മായതിനാൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിനായി പൂർണ്ണമായും കേന്ദ്ര സർക്കാരിനെ ആശ്രയിക്കുന്നതിനാൽ മുൻ വ്യവസ്ഥകൾ നിലനിർത്തി കൊണ്ടുള്ള Open Market Sales Scheme (OMSS)തുടരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയ്ക്ക് ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി 29.07.2023ൽ അർദ്ധ-ഔദ്യോഗിക കത്ത് നൽകുകയും ആയതിന്മേൽ ഒരു അനുകൂല തീരുമാനം ലഭ്യമാകാതെ വന്നതിനാൽ 05.02.2024ൽ മറ്റൊരു അർദ്ധ-ഔദ്യോഗിക കത്തും നൽകകയുണ്ടായി. അതിന് നാളിതു വരെ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ നിയന്ത്രണം കൊണ്ടുവരുന്നത് ഏകപക്ഷീയ പ്രതികാര നടപടിയായി കാണുന്നുണ്ടോയെന്നും സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ | (സി) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാന മായതിനാൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിനായി പൂർണ്ണമായും കേന്ദ്ര സർക്കാരിനെ ആശ്രയിക്കുന്നതിനാൽ മുൻ വ്യവസ്ഥകൾ നിലനിർത്തി കൊണ്ടുള്ള Open |

| | | | |
|---|---|---|---|
| | വിലക്കയറ്റത്തിനിടയാക്കുമെന്നതിനാൽ അവ തിരുത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്നും അറിയിക്കാമോ? | | Market Sales Scheme (OMSS)തുടരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയ്ക്ക് ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി 29.07.2023ൽ അർദ്ധ-ഔദ്യോഗിക കത്ത് നൽകുകയും ആയതിന്മേൽ ഒരു അനുകൂല തീരുമാനം ലഭ്യമാകാതെ വന്നതിനാൽ 05.02.2024ൽ മറ്റൊരു അർദ്ധ-ഔദ്യോഗിക കത്തും നൽകകയുണ്ടായി. അതിന് നാളിതു വരെ മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ